# ഒടുവിൽ അരുൺ ഗാന്ധിയും

**മഹാത്മാ** ഗാന്ധിയുടെ ചെറുമകൻ അരുൺ ഗാന്ധിയാണ് അമേരിക്കയെ കൈപിടിയിലൊതുക്കിയ സിയോണിസ്റ്റ് ലോബിയുടെ ഒടുവിലത്തെ ഇര. *വാഷിംഗ്ടൺ പോസ്റ്റ്* പത്രത്തിന്റെ കീഴിലുള്ള ഇന്റർനെറ്റ് ബ്ലോഗിൽ, മതസമൂഹമെന്ന നിലയിൽ ജൂതന്മാരുടെ ഭാവി എന്ന വിഷയത്തെക്കുറിച്ച് നടക്കുന്ന ചർച്ചയിൽ ഒരു അഭിപ്രായം പറഞ്ഞു പോയതാണ് അരുണിന് വിനയായത്. 'അതിക്രമത്തിന്റെ സംസ്കാരത്തിലെ ഏറ്റവും വലിയ കളിക്കാരായി ജൂതന്മാരും ഇസ്രയേലും മാറിയിരിക്കുന്നു' എന്ന് അരുൺ എഴുതി. ആരോഗ്യകരമായ സംവാദം നടക്കട്ടെ എന്നേ അദ്ദേഹം ഉദ്ദേശിച്ചുള്ളൂ. ജൂതസമൂഹത്തിന്റെ സ്വത്വത്തെ തന്നെ ഹോളോകാസ്റ്റ് അനുഭവത്തിൽ കുടുക്കിയിട്ടിരിക്കുകയാണെന്നും ഹോളോകാസ്റ്റ് ഉയർത്തിക്കാട്ടി ജൂതന്മാർ സുഹൃത്തുക്കളെ വരെ വെറുപ്പിക്കും വിധം അമിതമായി കളിക്കുന്നുണ്ടെന്നും അദ്ദേഹം കുറ്റപ്പെടുത്തിയിരുന്നു.

ഫലം? അരുൺഗാന്ധി തന്നെ മുൻകൈയെടുത്തു സ്ഥാപിച്ച എം.കെ ഗാന്ധി ഫൗണ്ടേഷനിൽനിന്ന് ദിവസങ്ങൾക്കകം അദ്ദേഹം പുറത്തായി. രാജി കൊടുക്കാൻ അദ്ദേഹം നിർബന്ധിക്കപ്പെടുകയായിരുന്നു. മഹാത്മാഗാന്ധിയുടെ ആശയങ്ങൾ പ്രചരിപ്പിക്കാനാണ് 1991-ൽ അരുൺ ഫൗണ്ടേഷൻ സ്ഥാപിച്ചത്. 2007-ൽ സ്ഥാപനം അമേരിക്കയിലെ മെംഫിസിലുള്ള യൂനിവേഴ്സിറ്റി ഓഫ് റോച്ചസ്റ്ററിലേക്ക് മാറ്റി. വേതനം കൂടാതെയാണ് അരുൺ ഇവിടെ ജോലിചെയ്തിരുന്നത്.

സിയോണിസത്തിനെതിരെ തിരിയുന്ന ഒരാളെയും അമേരിക്കയിലെ ജൂത ലോബി വെച്ചുപൊറുപ്പിക്കില്ല. ഹോളോകാസ്റ്റിനെ ജൂതന്മാർ സാമ്പത്തിക താൽപര്യങ്ങൾക്കായി ഉപയോഗിക്കുകയാണെന്നും ഫലസ്ത്വീനികളെ അടിച്ചമർത്തുന്നത് നിർത്തണമെന്നും പറഞ്ഞതിന് നിരവധി ആധികാരിക ഗ്രന്ഥങ്ങളുടെ കർത്താവായ നോർമൻ ഫിങ്ക്ലസ്റ്റൈന്ന് ഡിപോൾ യൂനിവേഴ്സിറ്റി ഉദ്യോഗ കാലാവധി നീട്ടി നൽകിയില്ല. *'ഫലസ്ത്വീൻ: വേണ്ടത് സമാധാനം, വർണവെറിയല്ല'* എന്ന പുസ്തകം എഴുതിയതിന് മുൻ അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടർ കേട്ട പഴിക്ക് കണക്കില്ല. *'ഇസ്രയേലും അമേരിക്കൻ വിദേശനയവും'* എന്ന ആധികാരിക പഠനം തയാറാക്കിയതിന് ചിക്കാഗോ യൂനിവേഴ്സിറ്റിയിലെ ജോൺ മേർഷിമറെ കരിമ്പട്ടികയിൽ പെടുത്തിരിയിക്കുകയാണ് ജൂത ലോബി.

മാപ്പെഴുതി കൊടുക്കാതെ സ്വന്തം സ്ഥാപനത്തിൽനിന്നു തന്നെ രാജിവെച്ചൊഴിഞ്ഞ അരുണിന്റെ ധീരമായ പ്രവൃത്തി ചരിത്രത്തിൽ സ്ഥാനം പിടിക്കാതിരിക്കില്ല. ■

# ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ച് ബിഷപ്പ് എന്താണ് പറഞ്ഞത്?

**'ഇസ്‌ലാം** ഇംഗ്ലീഷ് നിയമത്തിൽ' എന്ന തലക്കെട്ടിൽ ഇംഗ്ലണ്ടിലെ ടെംപിൾ ചർച്ചിൽ ആറ് പ്രഭാഷണങ്ങളുള്ള ഒരു പരമ്പര സംഘടിപ്പിക്കാൻ തീരുമാനിച്ചു. ബ്രിട്ടീഷ് ചീഫ് ജസ്റ്റിസാണ് പരിപാടിക്ക് മേൽനോട്ടം വഹിക്കുക. മതനേതാക്കളും മുസ്‌ലിം നിയമജ്ഞരുമൊക്കെയാണ് പ്രഭാഷകരായി വരിക. പരമ്പരയിലെ ആദ്യപ്രഭാഷണം കാന്റർബറി ആർച്ച് ബിഷപ്പ് റോവൻ വില്യംസിന്റേതായിരുന്നു. ആ പ്രഭാഷണം വലിയൊരു വിവാദത്തിലാണ് കലാശിച്ചത്. 'ഇസ്‌ലാമിക നിയമങ്ങളെ ബ്രിട്ടീഷ് നിയമവ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നത് ദുർബലമായിക്കൊണ്ടിരിക്കുന്ന സാമൂഹിക ഒരുമയെ ശക്തിപ്പെടുത്തും.' ഇതാണ് വിവാദ പരാമർശം. ശരീഅത്തിന്റെ ഒരു സമാന്തര നിയമവ്യവസ്ഥക്ക് വേണ്ടിയാണ് ബിഷപ്പ് വാദിക്കുന്നതെന്ന് ഇതിനെ മാധ്യമങ്ങൾ വ്യാഖ്യാനിച്ചു. ഉടനെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രതികരണവും വന്നു: 'ബ്രിട്ടീഷ് മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നിയമ വ്യവസ്ഥയേ ഇവിടെ പ്രയോഗവൽകരിക്കാനാവൂ.'

കാന്റർബറി ബിഷപ്പ് എന്താണ് ഉദ്ദേശിച്ചത് എന്നതിനെ ചൊല്ലി തർക്കം തുടരുകയാണ്. ശരീഅത്ത് സമാന്തര വ്യവസ്ഥയാക്കണം എന്നല്ല അദ്ദേഹം ഉദ്ദേശിച്ചതെന്ന് ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഉന്നത സമിതി വ്യക്തമാക്കിയിട്ടുണ്ട്. ഒരു ബഹുമത സമൂഹത്തിൽ എല്ലാ മതക്കാരുടെയും വിശ്വാസങ്ങളെ മാനിക്കുന്ന വിധത്തിലുള്ള ചില സംവിധാനങ്ങൾ നിലവിലുള്ള വ്യവസ്ഥയിൽ ഉൾപ്പെടുത്തണം. ഏകശിലാ മുഖമായ ഒരു സെക്യുലർ നിയമവ്യവസ്ഥയിൽ മതകീയ ബഹുത്വത്തെ അവഗണിക്കുന്നത് സംഘർഷങ്ങൾ വളർത്തും. ഈ സാമൂഹിക പ്രതിസന്ധി ചൂണ്ടിക്കാട്ടുക മാത്രമാണ് ബിഷപ്പ് ചെയ്തതെന്ന് ചർച്ച് വക്താക്കൾ വാദിക്കുന്നു.

'ബ്രിട്ടീഷ് നിയമവ്യവസ്ഥയുമായി ഒത്തുപോകുന്ന ശരീഅത്തിലെ സിവിൽ/വ്യക്തി നിയമങ്ങളെക്കുറിച്ച് മാത്രമാണ് ബിഷപ്പ് സംസാരിച്ചത്' എന്നാണ് മുസ്‌ലിം കൗൺസിൽ ഓഫ് ബ്രിട്ടന്റെ സെക്രട്ടറി ജനറൽ ഡോ. മുഹമ്മദ് അബ്ദുൽബാരി പ്രതികരിച്ചത്. സന്ദർഭം പരിഗണിക്കുമ്പോൾ ഇക്കാര്യം തന്നെയാവണം ബിഷപ്പ് ഉദ്ദേശിച്ചിട്ടുണ്ടാവുക. വിവാദം ചൂട്പിടിച്ചപ്പോൾ മറ്റു ചില വ്യാഖ്യാനങ്ങൾ നൽകി അദ്ദേഹം പിന്മാറിയിരിക്കാനാണ് സാധ്യത. ഓർത്തഡോക്സ് ജൂതന്മാർക്ക് അവരുടെ സിവിൽ വ്യവഹാരങ്ങളിൽ തീർപ്പ് കൽപിക്കുന്നത് പരമ്പരാഗത ജൂതനിയമ സംഹിത പ്രകാരം ആകാമെന്ന് ഇപ്പോൾ തന്നെ ബ്രിട്ടീഷ് നിയമവ്യവസ്ഥയിൽ ഇളവുണ്ട്. ■

## മരണം

# മൗലാനാ ദിയാഉദ്ദീന്‍ ഇസ്വ്‌ലാഹി

**ഉര്‍ദു** ഭാഷയിലെ അറിയപ്പെടുന്ന ചരിത്രകാരനും ഗ്രന്ഥകാരനുമായിരുന്ന മൗലാനാ ദിയാഉദ്ദീന്‍ ഇസ്‌ലാഹി അന്തരിച്ചു. വൈജ്ഞാനിക വികാസത്തിന് വലിയ സംഭാവനകള്‍ നല്‍കിയ അഅ്‌സംഗഢിലെ ശിബ്‌ലീ അക്കാദമിയുമായി ബന്ധപ്പെട്ടാണ് അരനൂറ്റാണ്ടോളം കാലം അദ്ദേഹം പ്രവര്‍ത്തിച്ചത്. കുറച്ചു കാലം ശിബ്‌ലീ അക്കാദമിയുടെ ഡയറക്ടറുമായിരുന്നു.

1937-ല്‍ അഅ്‌സംഗഢിലാണ് മൗലാനാ ദിയാഉദ്ദീന്റെ ജനനം. മദ്‌റസതുല്‍ ഇസ്‌ലാഹില്‍നിന്ന് പഠനം പൂര്‍ത്തിയാക്കി. പ്രമുഖ ഖുര്‍ആന്‍ വ്യാഖ്യാതാവായ മൗലാനാ അഖ്തര്‍ അഹ്‌സന്‍ ഇസ്‌ലാഹിയുടെ ശിഷ്യനായിരുന്നു. 1957 മുതല്‍ ശിബ്‌ലി അക്കാദമിയില്‍ ചേര്‍ന്നു. 1988-ല്‍ അതിന്റെ ഡയറക്ടറായി. ലക്‌നോവിലെ ദാറുല്‍ ഉലൂം നദ്‌വത്തുല്‍ ഉലമ, യു.പി ഉര്‍ദു അക്കാദമി, ആള്‍ ഇന്ത്യാ മുസ്‌ലിം പേഴ്‌സനല്‍ ലോ ബോര്‍ഡ്, അലീഗഢ് മുസ്‌ലിം യൂനിവേഴ്‌സിറ്റി കോര്‍ട്ട് എന്നിവയുടെ കമ്മിറ്റികളില്‍ അംഗവുമായിരുന്നിട്ടുണ്ട്.



*മുസ്‌ലിംകളുടെ വിദ്യാഭ്യാസം, ഹിന്ദുസ്ഥാന്‍ അറബികളുടെ നോട്ടത്തില്‍, തദ്കിറതുല്‍ മുഹദ്ദിസീന്‍, മൗലാനാ അബുല്‍ കലാം ആസാദ്, ഈദാഹുല്‍ ഖുര്‍ആന്‍* എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികള്‍.

ദിയാഉദ്ദീന്‍ ഇസ്വ്‌ലാഹിയുടെ മരണത്തോടെ ഒരു യുഗത്തിന് തിരശ്ശീല വീണിരിക്കുകയാണെന്ന് ആള്‍ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ അധ്യക്ഷന്‍ ഡോ. സഫറുല്‍ ഇസ്‌ലാം ഖാന്‍ പറഞ്ഞു. മൗലാനയുടെ വിയോഗത്തില്‍ ഇന്ത്യന്‍ ജമാഅത്തെ ഇസ്‌ലാമി അമീര്‍ മൗലാനാ ജലാലുദ്ദീന്‍ അന്‍സ്വാര്‍ ഉമരി അഗാധമായ ദുഃഖം രേഖപ്പെടുത്തി. ■

---

# റജാ നഖാശ്

**പ്രമുഖ** അറബി സാഹിത്യ നിരൂപകനും കോളമിസ്റ്റുമായിരുന്നു 2008 ഫെബ്രുവരി 8-ന് അന്തരിച്ച റജാ നഖാശ്(74). ഈജിപ്തുകാരനായ റജാ ഏതാനും വര്‍ഷമായി കാന്‍സര്‍ രോഗബാധിതനായിരുന്നു. സാഹിത്യ പാരമ്പര്യമുള്ള കുടുംബത്തിലായിരുന്നു ജനനം. സഹോദരന്‍ വഹീദ് നഖാശ് നിരൂപകനും പരിഭാഷകനുമായിരുന്നു. മറ്റൊരു സഹോദരനായ ഫിക്‌രി നഖാശ് നാടകകൃത്താണ്. *അദബ് വ നഖ്ദ്* എന്ന പത്രത്തിന്റെ എഡിറ്ററായിരുന്നു സഹോദരി ഫരീദ നഖാശ്.



നിരവധി അറബി പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററായിരുന്നിട്ടുണ്ട് റജാ നഖാശ്. 1971-ല്‍ *അല്‍ഹിലാലി*ന്റെ എഡിറ്ററായി. 1979-ല്‍ ഖത്തറില്‍ വന്ന് *അര്‍റായ*യുടെയും പിന്നീട് *മജല്ലത്തുദ്ദൗഹ*യുടെയും ചുമതലയേറ്റെടുത്തു. ഈജിപ്തിലെ *അല്‍അഹ്‌റാം* ദിനപത്രത്തില്‍ സ്ഥിരമായി കോളങ്ങള്‍ എഴുതിയിരുന്നു. ഖുര്‍ആനികാശയങ്ങളുടെ കലാവിഷ്‌കാരമായിരുന്നു റജാ നഖാശ് ഊന്നിപ്പറഞ്ഞിരുന്ന ഒരു വിഷയം. അതിന് മതപണ്ഡിതന്മാരും കലാസാംസ്‌കാരിക പ്രവര്‍ത്തകരും ചേര്‍ന്നുള്ള ഒരു കൂട്ടായ്മ രൂപപ്പെടണം. എങ്കില്‍ മാത്രമേ ഹൃദയത്തില്‍ തൊടുന്ന ഭാഷയില്‍ ഖുര്‍ആനികാശയങ്ങളെ ആവിഷ്‌കരിക്കാന്‍ സാധ്യമാകൂ. ഖുര്‍ആന്റെ പരമ്പരാഗത വായനയില്‍ അടിമുടി മാറ്റങ്ങള്‍ ഉണ്ടാവണം. ജനകീയ കലകളായ സിനിമയേയും നാടകത്തേയും ഖുര്‍ആനികാശയ പ്രചാരണത്തിന് എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ചിന്തിക്കണം.

അറബി ഭാഷാ നിയമങ്ങള്‍ ക്രോഡീകരിച്ചിരിക്കുന്നത് വളരെ സങ്കീര്‍ണമായ രീതിയിലാണ്. ഭാഷ പുതുതായി പഠിക്കുന്നവര്‍ക്ക് ഇത് വളരെയേറെ പ്രയാസങ്ങള്‍ സൃഷ്ടിക്കുന്നു. ഇതിലൊരു അഴിച്ചുപണി വേണമെന്ന് ഏതാനും വര്‍ഷം മുമ്പ് അന്തരിച്ച പ്രമുഖ നിരൂപകന്‍ ശൗഖി ദൈഫിനെപ്പോലെ റജാ നഖാശും വാദിച്ചു.

*മനുഷ്യനെക്കുറിച്ച ചിന്തകള്‍, സാഹിത്യകാരന്മാരും നിലപാടുകളും, കലയെക്കുറിച്ച്, അബ്ബാസ് അല്‍ അഖാദ്: ഇടതിനും വലതിനും മധ്യേ, ഇമാം മറാഗി, ഉമ്മുഖുല്‍സൂം ഒരു പ്രഹേളിക* തുടങ്ങിയ നിരവധി കൃതികള്‍ രചിച്ചിട്ടുണ്ട്. ■